**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1484** **01-02-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. മലയാളം തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്.എസ്.എസ്.ടി. (ജൂനിയർ) മലയാളം, എച്ച്.എസ്.എസ്.ടി. (സീനിയർ) മലയാളം എന്നീ തസ്തികകളിലുള്ള എത്ര അധ്യാപകർ 2022 ജൂലൈ 1 മുതൽ 2023 ജൂലൈ 7 വരെയുള്ള കാലയളവിൽ സേവനത്തിൽ നിന്നു വിരമിക്കുകയുണ്ടായി; 2023 ജൂലൈ 7- നു മുൻപ് എത്ര എച്ച്.എസ്.എസ്.ടി. (ജൂനിയർ) മലയാളം അധ്യാപകർക്ക് എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്; | (എ) | **2022 ജൂലൈ 1 മുതൽ 2023 ജൂലൈ 7 വരെയുള്ള കാലയളവിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) മലയാളം തസ്തികയിൽ 3 പേരും എച്ച്.എസ്.എസ്.ടി. (സീനിയർ) മലയാളം തസ്തികയിൽ 27 പേരും സേവനത്തിൽ നിന്ന് വിരമിക്കുകയുണ്ടായി. 2022 ജൂലൈ 1 മുതൽ 2023 ജൂലൈ 7 വരെയുള്ള കാലയളവിൽ 15 പേർക്ക് എച്ച്.എസ്.എസ്.ടി. (ജൂനിയർ) മലയാളം തസ്തികയിൽ നിന്ന് എച്ച്.എസ്.എസ്.ടി. (സീനിയർ) മലയാളം തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകിയിട്ടുണ്ട്.** |
| (ബി) | നിലവിലുണ്ടായിരുന്ന സർക്കാർ നിർദേശത്തിനു വിധേയമായി പ്രസ്തുത തസ്തികകളിലെ റിട്ടയർമെന്റ്, സ്ഥാനക്കയറ്റം എന്നിവ മൂലമുള്ള പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | **ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. തസ്തികനിർണ്ണയനടപടികൾ പൂർത്തീകരിച്ച് തസ്തികളിൽ വ്യക്തത വരുത്തിയാൽ മാത്രമേ ജൂനിയർ തസ്തികയിൽ നിന്നും സീനിയർ തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം നടത്തുവാനും, തത്ഫലമായി ഉണ്ടാകുന്ന ജൂനിയർ തസ്തികകളിൽ സ്പെഷ്യൽറൂൾ നിഷ്കർഷിക്കും പ്രകാരം റേഷ്യോ കണക്കാക്കി നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും സാധിക്കുകയുള്ളൂ. നിലവിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലെ കേഡർ സ്ട്രെങ്ത് പ്രകാരം, പി.എസ്.സി. വഴി നിയമിതരായവരുടെ എണ്ണം, സ്പെഷ്യൽറൂളിൽ നിഷ്കർഷിക്കുന്ന നേരിട്ടുള്ള നിയമനത്തിന്റെ റേഷ്യോവിൽ അധികരിച്ചിരിക്കുകയാണ്.** |
| (സി) | നിലവിലുണ്ടായിരുന്ന സർക്കാർ നിർദേശത്തിനു വിധേയമായി റിട്ടയർമെന്റ്, സ്ഥാനക്കയറ്റം എന്നിവ മൂലമുള്ള പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാത്തതിനാൽ 2023 ജൂലൈ 7 വരെ മാത്രം കാലവധി ഉണ്ടായിരുന്ന റാങ്ക് ലിസ്റ്റിലുള്ള | (സി) | ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ വ്യവഹാരങ്ങളും ഫയൽ ചെയ്തിട്ടുണ്ട്.<br><br>ഈ വിഷയത്തിൽ ജീവനക്കാരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | ഉദ്യോഗാർഥികൾക്ക് അവസരം നഷ്ടമായിട്ടുണ്ടെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കാൻ ശ്രമിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ